തിരുവനന്തപുരം ഡെവലപ്പ്മെൻറ് അതോറിറ്റി

444 [481] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡവലപ്പ്മെൻറ് അതോറിറ്റിയ്ക്ക* 1985-86 വർഷം സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ നൽകിയിട്ടുണ്ട്;

(സി) പുതിയതായി രൂപീകരിച്ച തിരുവനന്തപുരം ഡെവലപ്പ്മെൻറ് അതോറിറ്റിയിലേയ്ക്ക് അംഗങ്ങളായി ആരെയൊക്കെയാണ് നോമിനേറ്റ് ചെയ്തത്;

(ഡി) ഇതിൽ അംഗങ്ങളെ നോമിനേറ്റ് ചെയ്തതിൻെറ മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*

(ഡി) ടൗൺ പ്ലാനിംഗ് ലോസ് (അമെൻറ്മെൻറ് ഓർഡിനൻസിലെ ചട്ടങ്ങൾ പ്രകാരമാണ് അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്നത്)

മാർക്കറ്റിംഗ് കോംപ്ലക്സുകൾ

445 [482] ശ്രീ. കെ. മുസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലും പട്ടണങ്ങളിലും മാർക്കറ്റിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനുള്ള ഗവൺമെൻറ് പദ്ധതിക്ക് ലോക ബാങ്കിൻെറ സാമ്പത്തിക സഹായം ലഭിക്കാൻ സാദ്ധ്യതയുണ്ടോ;

(ബി) ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറ് ലോക ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ടിരുന്നുവോ; എങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാന ഗവൺമെൻറ് പദ്ധതി കേന്ദ്രഗവൺമെൻറിനു സമർപ്പിക്കുകയും കേന്ദ്രഗവൺമെൻറ് അത് ലോകബാങ്കിനു നൽകുകയുമുണ്ടായി. അതിനുശേഷം കേന്ദ്രഗവൺമെൻറിൽ നിന്നും ലഭിച്ച സന്ദേശത്തിൽ ലോകബാങ്ക് സഹായം ലഭിക്കുന്നതിനുള്ള സാദ്ധ്യത കുറവാണെന്ന് അറിയിച്ചിട്ടുണ്ട്.

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly